## അട്ടപ്പാടിയിലെ തൊഴിലുറപ്പ് പദ്ധതി

67 (1503) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ എത്ര ആദിവാസി കുടുംബങ്ങളാണ് തൊഴിലുറപ്പു പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; കഴിഞ്ഞ മൂന്നു വർഷത്തെ കണക്ക് ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചു ; എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു ;

(സി) തൊഴിൽ ലഭിച്ചവർക്കുള്ള കൂലിയിനത്തിൽ എത്ര രൂപ ഇനിയും വിതരണം ചെയ്യാനുണ്ട് ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകുമോ ;

(ഡി) ആദിവാസി വീഭാഗങ്ങളിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഡി) അട്ടപ്പാടിയിലെ അർഹരായ എല്ലാ ആദിവാസി കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ ലഭ്യമാക്കുന്നതിനും ഇവരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുന്നതിനുള്ള വ്യക്തിഗത/ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് കാമ്പയിൻ പരിപാടി (പാര ഫൈവ് കാമ്പയിൻ) സംഘടിപ്പിക്കുകയും വ്യക്തിഗത/സാമൂഹ്യ ആസ്തികളുടെ ആവശ്യകത തിട്ടപ്പെടുത്തുകയും പ്രസ്തുത പ്രവൃത്തികൾ ഉൾപ്പെടുത്തി കർമ്മപദ്ധതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷം തന്നെ നിർവ്വഹണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള നൂറ് ദിവസങ്ങൾക്കു പുറമേ (വനാവകാശം അംഗീകരിക്കൽ നിയമത്തിന്റെ ഗുണഭോക്താക്കളായ മറ്റ് സ്വകാര്യ ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രതിവർഷം 150 ദിവസങ്ങൾവീതം), സംസ്ഥാന ഫണ്ട് വിനിയോഗിച്ച് അട്ടപ്പാടി ബ്ലോക്കിലെ അർഹരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും നൂറ് അധിക തൊഴിൽ ദിനങ്ങൾകൂടി ആവശ്യാധിഷ്ഠിതമായി ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്കരിച്ച് നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി നടപ്പുവർഷം 577.60 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊട്ടാരക്കരയിലെ ഗ്രാമീണ റോഡുകളുടെ നവീകരണം**

68 (1504) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ എത്ര ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് തദ്ദേശഭരണ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) എന്നാണ് ഭരണാനുമതി നൽകിയത് ; എത്ര തുകയുടെ ഭരണാനുമതി നൽകി ;

(സി) പ്രസ്തുത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പുവഴി ഡിപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് ഭരണാനുമതി ഉത്തരവിൽ നിഷ്കർഷിച്ചിരുന്നോ ;

(ഡി) പൊതുമരാമത്ത് വകുപ്പിന് ഡിപ്പോസിറ്റ് ചെയ്യേണ്ട പ്രസ്തുത തുക ഡിപ്പോസിറ്റ് ചെയ്യുന്നതിൽ തദ്ദേശഭരണ എഞ്ചിനീയറിംഗ് വിഭാഗം കാലതാമസം വരുത്തുന്നതിന്റെ കാരണം എന്താണ്;

(ഇ) ഡിപ്പോസിറ്റ് ചെയ്യേണ്ട തുക അടിയന്തരമായി പി.ഡബ്ല്യു.ഡി.-യ്ക്ക് നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പതിമൂന്ന് റോഡ് പ്രവൃത്തികൾ.

(ബി) 5-3-2014-ൽ 556.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിഷ്കർഷിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly